# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 25

***നമ്മുടെ അധികാരത്തിൽപ്പെട്ട ഗൾഫ് മേഖലയിലെ സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്***

കർത്താവിൽ വാത്സല്യമുള്ളവരെ,

ഇപ്പോൾ നിലവിലുള്ള സഭാ കൗൺസിലിന്റെ കാലാവധി 2021 ഒക്ടോബർ 13,14,15 (ബുധൻ, വ്യാഴം, വെള്ളി) എന്നീ തീയതികളിൽ നടക്കുന്ന സഭാ പ്രതിനിധി മണ്ഡലയോഗത്തോടു കൂടി അവസാനിക്കുകയാണല്ലോ. സഭാ ഭരണഘടന 164 (3) വകുപ്പിൻ പ്രകാരം പുതിയ സഭാ കൗൺസിൽ തെരഞ്ഞെടുപ്പ് പുതിയ മണ്ഡലത്തിന്റെ ആദ്യ യോഗത്തിന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കോവിഡ് 19–ന്റെ പ്രത്യേക സാഹചര്യത്തിലും സഭാകൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പിനൊപ്പം സഭാ ഔദ്യോഗിക ഭാരവാഹികളുടേയും, വൈദിക തെരഞ്ഞെടുപ്പു കമ്മറ്റി അംഗങ്ങളുടെയും തെരഞ്ഞെടുപ്പുകൾ ആ റീജനിൽ നിന്നും പോസ്റ്റൽ ബാലറ്റ് മുഖേന നടത്തുന്നതിന് സഭാ ഭരണഘടന 390(A) വകുപ്പു പ്രകാരം തീരുമാനിച്ച് നടപ്പാക്കുന്ന വിവരം 24–ാം നമ്പർ സർക്കുലർ കല്പന മൂലം ഏവരേയും അറിയിച്ചിട്ടുള്ളതാണല്ലോ.

സഭാ ഭരണഘടന 164 (1) (എ) വകുപ്പ് അനുസരിച്ച് ഗൾഫ് മേഖലയിലെ ഇടവകകളിൽ നിന്നും സഭാ കൗൺസിലിലേക്ക് ഒരു അത്മായ പ്രതിനിധി തെരഞ്ഞെടുക്കപ്പെടേതാണ്. ബാലറ്റ് മുഖേന നടത്തപ്പെടുന്ന ഈ തെരഞ്ഞെടുപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന തെരഞ്ഞെടുപ്പ് ചട്ടങ്ങൾ നിശ്ചയിച്ചിട്ടുള്ളതും അവ എല്ലാവരുടെയും അറിവിനായി പരസ്യപ്പെടുത്തുന്നതുമാകുന്നു. ഇതനുസരിച്ച് ഗൾഫ് മേഖലയിലെ എല്ലാ മണ്ഡലാംഗങ്ങളും പെരുമാറണമെന്നു ഉദ്ബോധിപ്പിക്കുന്നു.

1. വകുപ്പ് 164 (2) (ബി) അനുസരിച്ച് ഗൾഫ് മേഖലയിൽ നിന്നും സഭാ കൗൺസിൽ അംഗത്തെ തെരഞ്ഞെടുക്കുന്നത് സൗകര്യാർത്ഥം പോസ്റ്റൽ ബാലറ്റ് മുഖേന നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.
2. ഗൾഫ് മേഖലയിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ മെത്രാപ്പോലീത്താ നേരിട്ട് ചെയ്യുന്നതായിരിക്കും.
3. വോട്ടേഴ്സ് ലിസ്റ്റ് ഇതു സഹിതം അയയ്ക്കുന്നു. വോട്ടേഴ്സ് ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ 2021 ജൂലൈ 26–ാം തീയതി തിങ്കളാഴ്ച 5.00 പി.എം.ന് മുമ്പ് മെത്രാപ്പോലീത്തായെ അറിയിച്ചിരിക്കേതാണ്. മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കും.
4. ആക്ഷേപ നടപടികൾക്ക് ശേഷം അന്തിമ വോട്ടർപട്ടിക 2021 ജൂലൈ 28–ാം തീയതി ബുധനാഴ്ച 4.00 പി.എം. ന് സഭാ ആഫീസിലും, സഭയുടെ വെബ്സൈറ്റിലും, പ്രസിദ്ധീകരിക്കുന്നതാണ്. പ്രാദേശികമായ പ്രസക്ത ഭാഗങ്ങൾ ഗൾഫ് മേഖലയിലെ ഇടവക വികാരിമാർക്ക് അയക്കുന്നതാണ്.
5. തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നത് മേൽപ്പറഞ്ഞ ലിസ്റ്റിൽ നിന്നുമുള്ള പേരുകൾ മാത്രമായിരിക്കും.
6. നാമനിർദ്ദേശ പത്രികകൾ നിർദ്ദിഷ്ട ഫാറത്തിൽ 2021 ആഗസ്റ്റ് 4–ാം തീയതി ബുധനാഴ്ച 10.00 എ എം. ന് മുമ്പായി വരണാധികാരിയ്ക്ക് തിരുവല്ലാ പൂലാത്തീൻ ആഫീസിൽ ലഭിച്ചിരിക്കണം.
7. നാമനിർദ്ദേശ പത്രികകൾ നേരിട്ടോ, തപാൽ മുഖേനയോ, ഇവിടെ നൽകിയിട്ടുള്ള ഫോം ബി 5–ലുള്ള ഇ മെയിൽ ഐഡി യിൽ നിന്ന് സ്കാൻ ചെയ്തോ നിശ്ചിത സമയത്തിനുള്ളിൽ നൽകേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്ന പത്രികകൾ സ്വീകരിക്കുന്നതല്ല.

8. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന 2021 ആഗസ്റ്റ് 4–ാം തീയതി ബുധനാഴ്ച 11.00 എ. എം. ന് പൂലാത്തീനിൽ മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്.

9. സൂക്ഷ്മ പരിശോധനക്കു ശേഷം സ്വീകരിക്കപ്പെട്ട പേരുകൾ സഭാ ആഫീസിൽ അന്നുതന്നെ 1.00 പി. എം–ന് പ്രസിദ്ധപ്പെടുത്തുന്നതും സ്ഥാനാർത്ഥികൾക്ക് സഭാ ആഫീസിൽ നിന്നും വിവരം ചോദിച്ചു മനസിലാക്കാവുന്നതുമാണ്.

10. നാമനിർദ്ദേശ പത്രികകൾ രേഖാമൂലം പിൻവലിക്കുന്നതിന് താല്പര്യമുള്ളവർ വികാരിയിൽ കൂടി 2021 ആഗസ്റ്റ് 7–ാം തീയതി ശനിയാഴ്ച 11.00 എ.എം.ന് മുമ്പായി പൂലാത്തീനിൽ രേഖാമൂലം ലഭിച്ചിരിക്കേണ്ടതാണ്.

11. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമ രൂപത്തിൽ 2021 ആഗസ്റ്റ് 7–ാം തീയതി ശനിയാഴ്ച്ച ഉച്ചയ്ക്ക് 12.00 മണിക്ക് സഭാ ആഫീസിലും സഭയുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ ലിസ്റ്റ് സ്ഥാനാർത്ഥികളുടെ വികാരിമാരെ ഇ–മെയിൽ മുഖേന അറിയിക്കുന്നതാണ്.

12. ഗൾഫ് മേഖലയിലെ മണ്ഡലാംഗങ്ങൾക്ക് 2021 ആഗസ്റ്റ് 13–ാം തീയതി വെള്ളിയാഴ്ച ബാലറ്റ് പേപ്പറും നിർദ്ദേശങ്ങളും രജിസ്റ്റേർഡ് പോസ്റ്റ് – അക്നോളഡ്ജ്മെന്റ് ഡ്യൂ/ കൊറിയർ സർവ്വീസ് / സ്പീഡ് പോസ്റ്റ് ആയി അയച്ചു തരുന്നതാണ്. വരണാധികാരി അയച്ചുതരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് മണ്ഡലാംഗങ്ങൾ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ 2021 ഒക്ടോബർ 13–ാം തീയതി ബുധനാഴ്ച 1.00 പി. എം.ന് മുമ്പായി ലഭിക്കത്തക്കരീതിയിൽ രജിസ്റ്റേർഡ് പോസ്റ്റ് / കൊറിയർ സർവ്വീസ് / സ്പീഡ് പോസ്റ്റ് ആയി വരണാധികാരിയുടെ പേർക്ക് പൂലാത്തീൻ ആഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ബാലറ്റ് പേപ്പർ സ്വീകരിക്കുന്നതല്ല.

13. തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനായി വികാരി ജനറാൾ കെ. എം മാമ്മൻ കശീശ്ശായെ വരണാധികാരിയായി നിയമിച്ചിരിക്കുന്നു.

14. നാമനിർദ്ദേശ പത്രികയുടെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.

15. 2021 ഒക്ടോബർ 15–ാം തീയതി വെള്ളിയാഴ്ച 11.00 എ. എം.–ന് വരണാധികാരിയുടെ മേൽനോട്ടത്തിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഓഡിറ്റോറിയത്തിൽ വച്ച് വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കുന്നതായിരിക്കും.

ഈ തെരഞ്ഞെടുപ്പുകൾ ദൈവനാമമഹത്വത്തിനായി ഭവിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തിനിൽ നിന്നും 2021 ജൂലൈ 19–ാം തീയതി,

Theodosius
Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

Circular No. 25

*Blessings of our Lord Jesus Christ be with the Vicars, Office-Bearers of Parishes, Members of the Sabha Prathindhi Mandalam, Clergy and the believers of our Church in the Gulf Region.*

Beloved in Christ,

The term of Office of the existing Sabha Council ends with the Mandalam meeting to be held on the 13th, 14th&15 *(Wednesday, Thursday & Friday)* of October 2021. As per Clause 164(3) of the Constitution, the election of the new Sabha Council is to be completed before the first meeting of the new Mandalam.But due to covid-19 situation, by exercising the power under clause 390(A) of the constitutionthe election of the Office Bearers of the Church and the Vadikia Selection Committee are conducting along with the election of Sabha Council member throug postal ballot in that Region which was intimated earlier through Circular Kalpana No. 24.

According to Clause 164(1)(A) of the Constitution of the Church, one lay representative is to be elected to the Sabha Council from the parishes of the Gulf region. The following regulations governing this election to be conducted by ballot have been made and are published for everyone's information. All the Mandalam members from the Gulf region are instructed to follow them: -

1. According to Clause 164(2)(B) of the Constitution, it is decided that the election of a member from the Gulf region to the Sabha Council is to be held by postal ballot for convenience.
2. All the necessary arrangements for the conduct of the election in the Gulf region will be made by the Metropolitan directly.
3. The voters' list is forwarded herewith. Objections, if any, regarding the list of voters, must be brought to the notice of the Metropolitan before 5.00 p.m. on Monday 26th July 2021. The Metropolitan's decision shall be final.
4. After considering the objections, the final list of voters will be published at the Sabha Office and on the Website of the Church, by 4.00 p.m. on Wednesday 28th July 2021. The locally relevant pages will be sent to the vicars of the parishes in the Gulf region.
5. Nominations for the election will be accepted only from names in the above mentioned list.

6. Nominations in the prescribed form shall reach the Returning Officer at the Poolatheen Office, Tiruvalla before 10.00 a.m. on Wednesday $4^{th}$ August 2021. Nominations received thereafter will not be accepted.
7. Nomination forms have to be reached this office on or before the stipulated time by hand, by post or registered e - mail id submitted as in Form B5
8. The scrutiny of nominations will be held at 11.00 a.m. on Wednesday, $4^{th}$ August 2021 at Poolatheen under the supervision of the Metropolitan.
9. The list of valid nominations after scrutiny will be published in the Sabha Office at 1.00 p.m on the same day. The candidates may contact the Sabha Office for information.
10. Those who wish to withdraw their candidature shall do so in writing, and it should be reached the Poolatheen through the Vicar before 11.00 a.m. on Saturday, $7^{th}$ August 2021.
11. The complete list of candidates in its final form will be published at the Sabha Office at 12.00 noon on Saturday $7^{th}$ August 2021. This list will be sent by e-mail to the Vicars of the parishes the candidates belong to.
12. The ballot paper, along with instructions will be sent by Registered Post with Acknowledgement Due / Courier Service / Speed Post to the Mandalam members of the Gulf region on Friday, $13^{th}$ August 2021. After registering the vote in accordance with the instructions sent by the Returning Officer, the members shall send the ballot papers to the Returning Officer at the Poolatheen Office by Registered Post / Courier Service / Speed Post, so as to reach him before 1.00 p.m. on Wednesday $13^{th}$ October 2021. Ballots received after the stipulated time will not be accepted.
13. Very Rev. K. M. Mammen is appointed as returning officer for the election process.
14. The model of the nomination form is sent herewith.
15. The counting of votes and the declaration of result will take place at the Sabha Auditorium at 11.00 a.m. on Friday, $15^{th}$ October 2021 under the supervision of the returning officer.

We pray that these elections may be to glorify the name of God.

Grace be with you all.

Dated $19^{th}$ July 2021from the Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പ്രതിനിധി മണ്ഡലം

## നാമനിർദ്ദേശ പത്രിക

ഏത് സ്ഥാനം ..........................................................................................................................................

| സ്ഥാനാർത്ഥിയുടെ പേരും മേൽവിലാസവും | സ്ത്രീ/ പുരുഷൻ | രജിസ്റ്റർ നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
|---|---|---|---|---|---|
| | | | | | |
| നിർദ്ദേശകന്റെ പേരും മേൽവിലാസവും | സ്ത്രീ/ പുരുഷൻ | രജിസ്റ്റർ നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
| | | | | | |
| അനുവാദകന്റെ പേരും മേൽവിലാസവും | സ്ത്രീ/ പുരുഷൻ | രജിസ്റ്റർ നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
| | | | | | |

മേൽപറഞ്ഞിരിക്കുന്ന സ്ഥാനത്തേക്ക് ഞാൻ സ്ഥാനാർത്ഥിയാകുന്നതിന് സമ്മതിച്ചിരിക്കുന്നു.

സ്ഥാനാർത്ഥിയുടെ പേര് : ..............................................................................

മേൽവിലാസം :..............................................................................

..............................................................................

സ്ഥലം..............................

തീയതി.............................. ഒപ്പ്..............................

---

നോട്ട്: 1) രജിസ്റ്റർ നമ്പറും വോട്ടേഴ്സ് ലിസ്റ്റിലെ നമ്പറും ഒന്നായിരിക്കണം. 2) ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശ പത്രികകൾ കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ സ്ഥാനത്തേക്കും പ്രത്യേകം പ്രത്യേകം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ടതാണ്.